150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഓണം ഫെയർ 2019 ന്റെ ആവശ്യത്തിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങൾ തറവാടക ഒഴിവാക്കി വിട്ടുനൽകാൻ നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1819/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 22.08.2019

പരാമർശം: സ.ഉ.(സാധാ) നം.1041/2019/ത.സ്വ.ഭ.വ. തീയതി 24.05.2019.

**ഉത്തരവ്**

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) ആഭിമുഖ്യത്തിൽ എല്ലാ വർഷവും ഓണക്കാലത്ത് നടത്തിവരുന്ന ജില്ലാ-താലൂക്ക്-പഞ്ചായത്ത് തല ഫെയറുകൾ 2019 സെപ്റ്റംബർ 1-ാം തീയതി മുതൽ 10-ാം തീയതി വരെ നടത്തുകയാണെന്നും ഉത്സവകാലങ്ങളിൽ സംസ്ഥാനത്തുണ്ടാകുന്ന വിലവർദ്ധന പിടിച്ചുനിർത്തുന്നതിന് സപ്ലൈകോ നടത്തുന്ന ഈ വിപണി ഇടപെടൽ സഹായിക്കുമെന്നതിനാൽ ഓണം ഫെയറുകൾ നടത്തുന്ന ആവശ്യത്തിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങൾ തറവാടക ഒഴിവാക്കി വിട്ടുനൽകണമെന്ന് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓണക്കാലത്ത് ഭക്ഷ്യ സാധനങ്ങൾ പൊതുജനങ്ങൾക്ക് സൗജന്യനിരക്കിൽ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) ആഭിമുഖ്യത്തിൽ സംസ്ഥാനത്തൊട്ടാകെ നടത്തുന്ന ജില്ലാ-താലൂക്ക്-പഞ്ചായത്ത് തല ഓണം ഫെയറുകൾ ഉപകരിക്കും എന്നതിനാൽ 2019 സെപ്റ്റംബർ 1-ാം തീയതി മുതൽ 10-ാം തീയതി

വരെ നടത്തുന്ന ഓണം ഫെയറിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങൾ തറവാടക ഒഴിവാക്കി വിട്ടുനൽകാൻ നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മദീനബീഗം എ.**
അണ്ടർ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി
തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), കേരള.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം.ആർ.സി.2/140/2019/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ